(ബി) ഇപ്പോൾ ഗർഭിണികളുടെ വാർഡിൽ മാത്രമായി ഈ പദ്ധതി ചുരുക്കിയിട്ടുണ്ടോ ;

(സി) മറ്റ് വിഭാഗത്തിൽപ്പെട്ട രോഗികൾക്കും കൂടി ഈ സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2010-11 സാമ്പത്തിക വർഷത്തിൽ കാൻസർ കെയർ പദ്ധതി പ്രകാരം ലഭിച്ച ഫണ്ട് ഉപയോഗപ്പെടുത്തി ക്യാൻസർ രോഗ നിർണ്ണയ ക്ലിനിക് ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിൽ ആരംഭിക്കുകയുണ്ടായി. 2011 ജൂണിൽ ഇത് പ്രസവ വാർഡിനോട് അനുബന്ധമായ മുറിയിൽ സജ്ജീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പ്രധാനമായും ഗർഭാശയ കാൻസറുകളുടെ നിർണ്ണയത്തിനായിട്ടാണ് ഇതിന്റെ സേവനം പരിമിതപ്പെടുത്തിയിരുന്നത്. സ്ത്രീകളിലെ പ്രധാന കാൻസറുകളായ മാറിടത്തിലെ കാൻസർ, ഗർഭാശയ കാൻസർ എന്നിവ നേരത്തെ നിർണ്ണയിക്കുന്നതിനും ചികിത്സ നിർദ്ദേശിക്കുന്നതിനും അതിലൂടെ സ്ത്രീകളിലെ ക്യാൻസർ കുറച്ചുകൊണ്ടുവരിക എന്നതായിരുന്നു ഇതിന്റെ ഉദ്ദേശ്യലക്ഷ്യം.

(ബി) ഗർഭിണികൾക്കും ഗൈനക് ഒ.പി.-യിൽ എത്തിച്ചേരുന്ന എല്ലാ സ്ത്രീകൾക്കും ഈ സേവനം നൽകുന്നുണ്ട്.

(സി) ഓങ്കോളജിസ്റ്റിന്റേയും പരിശീലനം ലഭിച്ച ഡോക്ടറുടേയും സേവനം ലഭിക്കാൻ ബുദ്ധിമുട്ട് നേരിടുന്നതുകൊണ്ടാണ് മറ്റ് വിഭാഗത്തിൽപ്പെട്ട രോഗികൾക്കും കൂടി ഈ സൗകര്യം ലഭ്യമാക്കാൻ സാധിക്കാത്തത്.

അസിസ്റ്റന്റ് സർജൻ തസ്തികയിലെ നിയമനം

80(780) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ പി.എസ്.സി. മുഖേനയുള്ള നിയമനം സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി എന്നറിയിക്കാമോ;

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും നിയമന ഉത്തരവ് ലഭിച്ചിട്ടും ജോയിൻ ചെയ്യാത്തവർ എത്ര; പ്രസ്തുത ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിൽ എത്ര ഒഴിവുകളുണ്ട് ; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ നിലവിലെ ലിസ്റ്റിൽനിന്നും പി.എസ്.സി. മുഖേന 1962 പേർക്ക് അഡ്വൈസ് മെമ്മോ നൽകി. 596 പേർ ജോലിയിൽ പ്രവേശിക്കുകയും 693 പേർ എക്സ്റ്റൻഷൻ വാങ്ങുകയും ചെയ്തിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ പി.എസ്.സി. നിർദ്ദേശിച്ച 1962 പേർക്ക് നിയമന ഉത്തരവ് നൽകി.

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും 673 പേർ എൻ.ജെ.ഡി. ആയിട്ടുണ്ട്. 2-2-2016-ന് നടന്ന കൗൺസിലിംഗിൽ ഉള്ള എൻ.ജെ.ഡി. ഒഴിവുകൾ ഒഴികെ ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) അസിസ്റ്റന്റ് സർജന്മാരുടെ 200 ഒഴിവുകളാണുള്ളത്. 2-2-2016-ന് നടന്ന കൗൺസിലിംഗിലുള്ള എൻ.ജെ.ഡി. ഒഴിവുകൾ ഒഴികെ എല്ലാ ഒഴിവുകളും പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

നഴ്സുമാരുടെ പ്രശ്നങ്ങൾ

81(781) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും നേഴ്സുമാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് കേരള ഗവൺമെന്റ് നേഴ്സ് യൂണിയൻ (കെ.ജി.എൻ.യു.) നൽകിയ നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുരുഷ നേഴ്സുമാർക്ക് പ്രത്യേകമായിട്ടുള്ള യൂണിഫോമിന്റെ ഉത്തരവ് നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള ഉത്തരവ് ഉടൻ നൽകുമോ എന്നറിയിക്കുമോ;

(സി) യൂണിഫോം അലവൻസ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കമ്മിറ്റിയെ നിയമിച്ചിട്ടില്ല. ഇതുസംബന്ധിച്ച് കേരള ഗവൺമെന്റ് നഴ്സ് യൂണിയൻ (കെ.ജി.എൻ.യു.) നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

GPM. 2/238/2020-20

LIBRARY ARCHIVES Kerala Legislative Assembly